(ഇ) സംസ്ഥാനത്തെ തീർത്ഥാടക വ്യവസായ കേന്ദ്രങ്ങളിൽ നിന്നും തെക്കേ ഇൻഡ്യയിലെ മറ്റ് തീർത്ഥാടക സുഖവാസകേന്ദ്രത്തിലേക്ക് സർവ്വീസ് നടത്താൻ കെ. എസ്. ആർ.ടി.സി. നടപടി സ്വീകരിക്കുമോ;

(എഫ്) ഗുരുവായൂർ-തിരുപ്പതി അന്തർസംസ്ഥാന സർവ്വീസ് ഇപ്പോൾ നിലവിലുണ്ടോ എന്നു വ്യക്തമാക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) കൂടുതൽ അന്തർസംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിനായി കേരള സർക്കാർ 1998-ൽ തമിഴ്നാടു സർക്കാരുമായും കർണ്ണാടക സർക്കാരുമായും പുതിയ അന്തർസംസ്ഥാന കരാറുകളിൽ ഏർപ്പെട്ടു.

(ബി) നിലവിലുള്ള ഭൂരിഭാഗം അന്തർസംസ്ഥാന സർവ്വീസുകളും ലാഭകരമായാണ് നടത്തുന്നത്.

(സി) കെ.എസ്.ആർ.ടി.സി. 1976-ലെ കരാർ പ്രകാരം 10691.40 കിലോമീറ്ററും, 1979 -ലെ കരാർ പ്രകാരം 2132 കിലോമീറ്ററും, 1984-ലെ കരാർ പ്രകാരം 9584.40 കിലോമീറ്ററും, 1995-ലെ കരാർ പ്രകാരം 6088 കിലോമീറ്ററും 1998-ലെ കരാർ പ്രകാരം 4467.40 കിലോമീറ്ററും തമിഴ്നാട്ടിലേക്കും 1976-ലെ കരാർ പ്രകാരം 12888 കിലോമീറ്ററും, 1992 -ലെ കരാർ പ്രകാരം 7460 കിലോമീറ്ററും, 1998-ലെ കരാർ പ്രകാരം 10165 കിലോമീറ്ററും കർണ്ണാടകത്തിലേക്കും സർവ്വീസുകൾ നടത്താവുന്നതാണ്. പ്രസ്തുത കരാറുകൾ പ്രകാരം തമിഴ്നാട്ടിലേക്ക് 70 റൂട്ടുകളിലും കർണ്ണാടകത്തിലേക്ക് 27 റൂട്ടുകളിലും ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ട്. റൂട്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

(ഡി) വിവരം ശേഖരിച്ചു സമർപ്പിക്കുന്നതാണ്.

(ഇ) അന്തർസംസ്ഥാന കരാർ പ്രകാരം മാത്രമേ അന്തർ സംസ്ഥാന സർവ്വീസുകൾ തുടങ്ങുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ തൽക്കാലം നിർവ്വാഹമില്ല.

(എഫ്) കെ. എസ്.ആർ.ടി.സി. ഗുരുവായൂർ-തിരുപ്പതി സർവ്വീസ് നടത്തുന്നില്ല. എന്നാൽ 1998-ലെ കർണ്ണാടക കരാറിൽ കോഴിക്കോട്-തിരുപ്പതി റൂട്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സർവ്വീസ് തുടങ്ങുന്നതിന് ആന്ധ്രാപ്രദേശ് സർക്കാരിന്റെ അനുമതി കൂടി ലഭിച്ചാൽ മാത്രമേ സർവ്വീസു തുടങ്ങുവാൻ സാധിക്കുകയുള്ളൂ.

9 (*69) കർഷകർക്ക് ഇൻഷുറൻസ് പദ്ധതി

ശ്രീ. സി. എൻ. ജയദേവൻ :
ശ്രീ. പി. രാജു :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാമമാത്ര കർഷകരുടെ ക്ഷേമത്തിനായി ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുവാനുദ്ദേശിക്കുന്നുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഈ പദ്ധതി മുഖേന എന്തെല്ലാം ആനുകൂല്യങ്ങളാണ് നാമമാത്ര കർഷകർക്ക് ലഭ്യമാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ പദ്ധതി എന്നുമുതൽ പ്രാവർത്തികമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) പദ്ധതിയിൽ അംഗമാകുന്ന കർഷകർക്ക് താഴെ പറയുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

1. എല്ലാവിധ അപകടമരണവും-ഒരു ലക്ഷം രൂപ
2. പൂർണ്ണ അംഗവൈകല്യം- ഒരു ലക്ഷം രൂപ
3. രണ്ടു കാലുകൾ, കൈകൾ, കണ്ണുകൾ- ഒരു ലക്ഷം രൂപ
4. ഒരു കൈ/കാൽ/കണ്ണ് നഷ്ടം- 50,000 രൂപ വീതം
5. അപകടത്തിൽ മരിക്കുന്ന അംഗത്തിന്റെ രണ്ടുകുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം : 5,000 രൂപ വീതം
6. അപകടത്തിൽ മരിക്കുന്ന അംഗത്തിന്റെ രണ്ട് പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം : 5,000 രൂപ
7. അപകടത്തിൽ മരണപ്പെടുന്ന അംഗത്തിന്റെ ശവശരീരം വീട്ടിൽ എത്തിക്കുന്നതിന് ധനസഹായം : 1,000 രൂപ
8. മരണപ്പെടുന്ന അംഗത്തിന്റെ ശവസംസ്കാരചടങ്ങിന് ധനസഹായം: 1,000 രൂപ
9. ഗുരുതരമായി മുറിവേൽക്കപ്പെടുന്ന അംഗത്തിന്റെ ശുശ്രൂഷാ ചെലവിന് ധനസഹായം : 5,000 രൂപ

(സി) പത്തുലക്ഷം കർഷകർക്ക് പ്രയോജനം ലഭിക്കും.

(ഡി) പദ്ധതി നടത്തിപ്പിനായുള്ള പ്രാരംഭപ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറക്ക് പദ്ധതി പ്രാവർത്തികമാകുന്നതാണ്.

10 (*70) കാർഷിക നയം

ശ്രീ. എം. ദാസൻ :
ശ്രീ. സി.കെ. നാണു :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികമേഖലയിൽ ഉൽപ്പാദനവും ഗുണമേന്മയും വർദ്ധിപ്പിക്കുന്നത് ലക്ഷ്യമാക്കി പുതിയ കാർഷികനയം ആവിഷ്കരിക്കേണ്ടതുണ്ടെന്ന്, സർക്കാർ കരുതുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly